വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

38

www.industry.kerala.gov.in

01 APRIL 2023


# വ്യവസായ കുതിപ്പിനൊരുങ്ങി കേരളം

## വ്യവസായ വാണിജ്യ നയം 2023



സംസ്ഥാനത്തെ വ്യവസായരംഗത്തിന് കൂടുതൽ ഊർജം പകരുന്ന വ്യവസായ വാണിജ്യ നയം മന്ത്രിസഭ അംഗീകരിച്ചു. പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പരമാവധി നിക്ഷേപം ആകർഷിച്ച് കൂടുതൽ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യം. നടപ്പു സാമ്പത്തിക വർഷം സംരംഭക വർഷമായിരുന്നു എങ്കിൽ വ്യവസായ സംരംഭങ്ങൾക്ക് ഇളവുകൾ നൽകി വരും വർഷം നിക്ഷേപ വർഷമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മാധ്യമങ്ങളോട് പറഞ്ഞു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ. എ. എസ് ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ. എ. എസ് എന്നിവർ പത്ര സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

കേരളത്തിന്റെ വ്യവസായ മേഖലയിൽ കുതിച്ചുചാട്ടം സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച വ്യവസായ നയം രാജ്യത്തെ ഏറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി കേരളത്തെ മാറ്റാൻ ലക്ഷ്യമിടുന്നു. നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കൊണ്ടുവരുന്ന വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണമായും സംരംഭക സൗഹൃദമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കും. അഭ്യസ്തവിദ്യരായ യുവാക്കളെയും സ്ത്രീകളെയും സംരംഭകലോകത്തേക്ക് കൈപിടിച്ചുയർത്താൻ നിരവധി പദ്ധതികളാണ് വ്യവസായ നയം മുന്നോട്ടുവെക്കുന്നത്. വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കേരളമാണ് എന്ന യാഥാർത്ഥ്യത്തിലൂന്നി ഈ മേഖലയിലെ സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളും നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യ പ്രോത്സാഹനം, ഹൈടെക് സാങ്കേതിക വിദ്യ, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരള ബ്രാൻഡ്, മുൻഗണനാ മേഖലകൾ എന്നിങ്ങനെ ഏഴു പ്രധാന ലക്ഷ്യങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിസ്ഥിതി സാമൂഹിക സന്തുലിതാവസ്ഥ നിലനിർത്തികൊണ്ടുള്ള നയത്തിനാണ് രൂപം നൽകിയിരിക്കുന്നത്. ഇതിനായി ഏയ്റോ മേഖല, നിർമിത ബുദ്ധി, ആരോഗ്യ മേഖല, ഇൻഫോടെക്, ഡിസൈൻരംഗം, ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക് രൂപകൽപനയും ഉൽപാദനവും, എൻജിനിയറിംഗ് ഗവേഷണം, ഭക്ഷ്യ സാങ്കേതിക വിദ്യ, ഗ്രഫിൻ, മൂല്യവർധിത റബർ ഉൽപാദനം, ഹൈടെക്- മൂല്യവർദ്ധിത കൃഷി, ലോജിസ്റ്റിക്ക് ആൻഡ് പാക്കേജ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മാലിന്യസംസ്ക്കരണം, പുനരുപയോഗ ഊർജം, ചില്ലറ വ്യാപാരമേഖല, വിനോദസഞ്ചാര ആതിഥേയത്വം, ത്രീ ഡി പ്രിന്റിങ് എന്നീ 22 മുൻഗണന മേഖലകളും കണ്ടെത്തിയിട്ടുണ്ട്.

### പ്രധാന സബ്സിഡികൾ

- 22 മുൻഗണന മേഖലയിലെ പദ്ധതികൾക്ക് 18 സബ്സിഡികൾ
- എം.എസ്.എം.ഇകൾക്ക് നാലു ശതമാനം പലിശക്ക് 10 ലക്ഷം രൂപ വരെ വായ്പ
- സൂക്ഷ്മ സംരംഭങ്ങൾക്ക് 40 ലക്ഷം രൂപവരെയും ചെറുകിട സംരംഭങ്ങൾക്ക് ഒരു കോടി വരെയും ഇടത്തരം സംരംഭങ്ങൾക്ക് രണ്ടു കോടിരൂപ വരെയും മൂലധന സബ്സിഡി.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് മൂന്നു കോടി രൂപ സഹായം.
- മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ മെഡിക്കൽ ഡിവൈസ് പാർക്കിൽ ഡിസൈനിങ്ങിനും നിർമാണത്തിനും സൗകര്യം.
- വൻകിട മെഗാ സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (10 കോടി രൂപ വരെ) സബ്സിഡി. പേറ്റന്റ്, പകർപ്പവകാശം, വ്യാപാര മുദ്രകൾ, ജി.ഐ രജിസ്ട്രേഷൻ എന്നിവക്ക് ചെലവായ തുകയുടെ 50 ശതമാനം സർക്കാർ നൽകും.
- സ്റ്റാർട്ടപുകൾക്ക് സ്കെയിൽ അപ്പിന് ഒരു കോടി രൂപ വരെവായ്പ
- മെയ്ഡ് ഇൻ കേരള സർട്ടിഫിക്കേഷന് ചെലവാകുന്ന തുകയുടെ 50 ശതമാനം തിരികെ നൽകും.
- സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭകർക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഞ്ചു വർഷത്തേക്ക് 100% ഇളവ്.







## ആഹാർ 2023ൽ

# പൊൻതിളക്കവുമായി കേരള പവലിയൻ

**ഏ**ഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാറിൽ കേരളത്തിന് അഭിമാന നേട്ടം.

ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച ആഹാർ 2023 ട്രേഡ് ഫെയറിൽ ഗവണ്മെന്റ് സെക്ടറിലെ ഏറ്റവും മികച്ച പവലിയനുള്ള ഗോൾഡ് മെഡൽ പുരസ്കാരം കേരള വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യുറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സ്വന്തമാക്കി.

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ ന്റെ 37 -മത് എഡിഷനാണ് ന്യൂ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ 2023 മാർച്ച് 14 മുതൽ 18 വരെ സംഘടിപ്പിച്ചത്. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി 1400 ലധികം വ്യാപാരികളാണ് പങ്കെടുത്തത്. അമേരിക്ക, ഓസ്ട്രേലിയ, ബ്രസീൽ, സ്വീഡൻ, സൗത്ത് കൊറിയ, റഷ്യ തുടങ്ങി 19 രാജ്യങ്ങളിൽ നിന്നുള്ള സംരംഭകരും മേളയിൽ പങ്കെടുത്തിരുന്നു.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യുറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെബിപ്പ്) പവലിയൻ ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 19 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധീകരിച്ചു മേളയിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷകങ്ങളിൽ ഒന്ന് കേരള പവലിയൻ ആയിരുന്നു. ദിവസവും ഏകദേശം 50,000 ത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ പ്രശംസ പിടിച്ചുപറ്റി.

മികച്ച ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന പ്രദർശനത്തിന് വഴിയൊരുക്കുക, വിപണി പ്രവണതകൾ വിലയിരുത്തുക, ഹോസ്പിറ്റാലിറ്റി മേഖലയുടെ സാധ്യതകൾ അനാവരണം ചെയ്യുക, സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുക എന്നിവയായിരുന്നു നാല് ദിവസമായി സംഘടിപ്പിച്ച B2B ഇവന്റായ ആഹാർ- ന്റെ പ്രധാന ലക്ഷ്യങ്ങൾ.



# വി മിഷൻ വായ്പയിലൂടെ സ്ത്രീ സംരംഭകർക്ക് 50 ലക്ഷം രൂപ വായ്പ

വനിതാ സംരംഭകർക്കായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് വി മിഷൻ വായ്പ പദ്ധതി. സ്ത്രീ സംരംഭകർക്ക് 5% പലിശക്ക് 50 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**5% പലിശ, മൊറട്ടോറിയം ആറ് മാസത്തിൽ നിന്ന് ഒരു വർഷമാക്കി**

വനിതാ സംരംഭകർക്കായി കെഎസ്.ഐ.ഡി.സി നൽകുന്ന **വി മിഷൻ കേരള** വായ്പ 50 ലക്ഷം രൂപയാക്കിയാണ് ഉയർത്തുക. നേരത്തെ ഇത് 25 ലക്ഷം രൂപയായിരുന്നു. അഞ്ച് ശതമാനമാണ് പലിശ. മൊറട്ടോറിയം ആറു മാസത്തിൽ നിന്ന് ഒരു വർഷമായി ഉയർത്തിയിട്ടുണ്ട്.

കൂടാതെ വനിതാ സംരംഭകർക്കായി മറ്റനവധി പദ്ധതികളും വ്യവസായ വകുപ്പ് ഒരുക്കിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി അഞ്ച് ലക്ഷം രൂപയും നൽകും. ഇത് തിരിച്ചടയ്ക്കേണ്ട. പുതിയ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾക്കും നിലവിൽ പ്രവർത്തനം നിലച്ചവയുടെ ആധുനികവത്കരണം, വിപുലീകരണം എന്നിവയ്ക്കും ഈ ഗ്രാന്റ് ലഭിക്കും. ഇതോടൊപ്പം ഇൻകുബേഷൻ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വനിതാ സംരംഭകർക്ക് 2023 ഏപ്രിൽ ഒന്നുമുതൽ വാടക 50 ശതമാനം നൽകിയാൽ മതി. ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനും പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാനും വ്യവസായ വകുപ്പിന്റെ സഹായം ലഭ്യമാക്കുകയും ചെയ്യും

എന്റെ സംരംഭം നാടിന്റെ അഭിമാനം

2022-23

## സംരംഭക വർഷം

**139,820**
പുതു സംരംഭങ്ങൾ

**8417**
കോടി രൂപയുടെ നിക്ഷേപം

**299,944**
തൊഴിലവസരങ്ങൾ

*as on 31/03/2023

# നാഷണൽ ഡിഫൻസ് കോളേജ് സംഘാംഗങ്ങൾ

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച്ച നടത്തി

**നാ**ഷണൽ ഡിഫൻസ് കോളേജിലെ സംഘാംഗങ്ങൾ കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടുത്തറിയുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ. എ. എസ് മായി കൂടിക്കാഴ്ച നടത്തി. ദേശീയ സുരക്ഷയും സ്ട്രാറ്റജിക് സ്റ്റഡീസും സംബന്ധിച്ച പഠന കോഴ്സിന്റെ ഭാഗമായി കേരളം സന്ദർശിച്ച 18 ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്ന സംഘമാണ് കേരളത്തിന്റെ മാറുന്ന വ്യവസായ മുഖത്തെയും സംരംഭക സൗഹാർദ്ദ നയങ്ങളെയും കുറിച്ച് മനസ്സിലാക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തിയത്.



2023 മാർച്ച് 12 മുതൽ 17 വരെ നടന്ന പഠന സന്ദർശനത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനമായ കൊല്ലത്തെ കെഎംഎംഎൽ കമ്പനിയും സംഘം സന്ദർശിച്ചിരുന്നു. 2023 മാർച്ച് 13 ന് തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടണിൽ നടന്ന കൂടിക്കാഴ്ച്ചയിൽ ഇസ്രായേൽ, റഷ്യ, ഫ്രാൻസ്, ബംഗ്ലാദേശ്, വിയറ്റ്നാം, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. എയർ വൈസ് മാർഷൽ തേജ്ബീർ സിംഗ്, എവിഎസ്എം, വിഎം, സീനിയർ ഡയറക്ടിംഗ് സ്റ്റാഫ് ആണ് പ്രതിനിധി സംഘത്തെ നയിച്ചത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.